(ബി) ഇതിനുവേണ്ടി ആരെങ്കിലും വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ;

(ഡി) വിദേശരാജ്യങ്ങളും സന്ദർശിച്ചവർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ ഉള്ളടക്കം എന്താണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നടത്തിയ അന്താരാഷ്ട്ര മേളകളിൽ കയറും കയറുൽപ്പന്നങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. കയറ്റുമതി ചെയ്യുന്ന കയർ ഉല്പന്നങ്ങൾക്ക് 10 % ക്യാഷ് കോമ്പൻസേറ്ററി സപ്പോർട്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ കയർവ്യവസായവുമായി ബന്ധപ്പെട്ടവർ വിദേശവിപണികളും സന്ദർശിച്ച് പഠനങ്ങളും നടത്തുകയും ഓർഡറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ഉണ്ട്. നോർവ്വേ, പടിഞ്ഞാറൻ ജർമ്മനി, സ്വീഡൻ, യുണൈറ്റഡ് കിംങ്ഡം, ഫ്രാൻസ്, യു. എസ്. എസ്. ആർ., ഹംഗറി, ഡെൻമാർക്ക്, ബെൽജിയം, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ.

(ഡി, ഇ) ഉണ്ട്. കയറ്റുമതി വർദ്ധിപ്പിക്കുവാനുതകുന്ന നിർദ്ദേശങ്ങളും ലഭ്യമായ കയറ്റുമതി ഓർഡറിന്റെ വിവരങ്ങളുമാണ് ഇവയിൽ അടങ്ങിയിട്ടുള്ളത്.

കളരിപ്പയറ് പ്രോൽസാഹനം

* 547 [584] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൗരാണിക ആയോധന കലയായ കളരിപ്പയറ് പ്രോൽസാഹിപ്പിക്കുന്നതിന് എന്തെങ്കിലും ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) കേരളത്തിൽ എത്രതരം കളരിപ്പയറ് ഉണ്ട്; അവ ഏതെല്ലാം;

(സി) അവയ്ക്കെല്ലാം സ്പോർട്ട്സ് കൗൺസിൽ അംഗീകാരവും രജിസ്ട്രേഷനും നൽകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ രജിസ്ട്രേഷൻ കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) കേരളത്തിൽ കളരിപ്പയറ്റു കലയെ പ്രോൽസാഹിപ്പിക്കുന്നതിനു 'കേരളാകളരിപ്പയറ്' അസോസിയേഷൻ എന്ന സംഘടനയെ കേരളാ സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ പ്രധാനമായും തെക്കൻ കളരിപ്പയറെന്നും വടക്കൻ കളരിപ്പയറെന്നും രണ്ടു സമ്പ്രദായങ്ങളാണ് നിലവിലുള്ളത്.

(സി, ഡി) കേരളാ സ്പോർട്സ് കൗൺസിൽ നിയമാവലി അനുസരിച്ച് ഒരു സ്പോർട്സ് ഇനത്തിൽ ഒരു സംസ്ഥാന സംഘടനയ്ക്കു മാത്രമേ അംഗീകാരം നൽകാൻ വ്യവസ്ഥയുള്ളൂ. സംസ്ഥാനത്തെ വിവിധ സമ്പ്രദായത്തിലുള്ള കളരിപ്പയറുകലയെ ഏകോപിപ്പിച്ച് കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് കേരള കളരിപ്പയറ് അസോസിയേഷന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും കേരളാ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഇരുമ്പയിർ ഖനനം

* 548 [585] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇരുമ്പയിർ ഖനന സാദ്ധ്യതകളെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ എന്നാണ് അന്വേഷണം നടത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(സി) എവിടെയെല്ലാം ഇരുമ്പയിർ നിക്ഷേപമുള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്;

(ഡി) എത്ര ടൺ ഇരുമ്പയിർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇത് വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

വ്യവസായ വകുപ്പ് മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി) സംസ്ഥാന മൈനിംഗ് ആൻറ് ജിയോളജി വകുപ്പും സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയും 1965 മുതൽ 1975—വരെയുള്ള കാലയളവിൽ വിശദാന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ എലിയടിമല, നടുവല്ലൂർ, നൻമണ്ട, ചെറുപ്പ, ആലംപാറ തുടങ്ങിയ പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലെ കൊരട്ടിമലയിലും ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ പഠനം നടത്തി. മലപ്പുറം ജില്ലയിലെ ചേരൂർ, നിലമ്പൂർ, തെയ്യാംപാടികുത്ത് തുടങ്ങിയ സ്ഥലങ്ങളിൽ സംസ്ഥാന വകുപ്പും പഠനം നടത്തി.

(ഡി) കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലെ കൊരട്ടി മലയിലും കൂടി ആകെ ഓക്സീകൃത അയിരുകൾ 30.2 ദശലക്ഷം ടണ്ണും അനോക്സീകൃത അയിരുകൾ 44.4 ദശലക്ഷം ടണ്ണും ഉണ്ട് എന്നു കണക്കാക്കപ്പെട്ടു. പോരൂർ, തെയ്യാംപടികുത്ത്, നിലമ്പൂർ എന്നിവിടങ്ങളിൽ ഓരോ ദശലക്ഷം ടണ്ണു വീതം ഇരുമ്പയിര് ഉണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly